# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 154          22.01.2014-ലെ മറുപടിക്ക്

### ജയിലിൽ കഴിയേണ്ടിവരുന്ന നിരപരാധികൾ

ചോദ്യം          മറുപടി

ശ്രീ.സി.മോയിൻകുട്ടി
ശ്രീ.പി.കെ.ബഷീർ
ശ്രീ.എം.ഉമ്മർ
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളിൽ തടവിൽ കഴിയുന്നതിൽ നാല്പതു ശതമാനത്തോളം പേർ നിരപരാധികളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും (ബി) യും: ഉണ്ട്. ഇത് സംബന്ധിച്ച് ചില മാധ്യമങ്ങളിൽ വാർത്തകൾ പ്രസിദ്ധീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജയിലുകളിൽ കഴിയുന്ന തടവുകാർ വിവിധ കോടതികളിൽ ശിക്ഷിക്കപ്പെട്ടവരോ കുറ്റം ചുമത്തപ്പെട്ട് റിമാന്റ് ചെയ്യപ്പെട്ടവരോ ആണ്. റിമാന്റ് ചെയ്യപ്പെട്ടവരിൽ നിരപരാധികളായ ആളുകൾ ഉണ്ടോ എന്ന വിവരം ഇവരുടെ കേസുകളിൽ കോടതികളുടെ അന്തിമ വിധിന്യായ പ്രകാരം വെളിപ്പെടുന്നതാണ്. |
| ബി) ഈ സ്ഥിതിവിശേഷം എങ്ങിനെയുണ്ടായി എന്നതു സംബന്ധിച്ചും കാരണങ്ങൾ സംബന്ധിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | |
| സി) നിരപരാധികൾ തടവുശിക്ഷ അനുഭവിക്കാൻ ഇടവരുത്തുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അത്തരം സംഭവങ്ങൾക്ക് ഉത്തരവാദികളാകുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും ആവശ്യമെങ്കിൽ നിയമ നിർമ്മാണം നടത്തുമോ? | സി) നിലവിലുള്ള നിയമങ്ങൾ നിരപരാധികൾ തടവുശിക്ഷ അനുഭവിക്കാൻ ഇടവരാതിരിക്കാൻ പര്യാപ്തമാണ്. നിരപരാധികൾ തടവിലാക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ അതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ വകുപ്പുതല നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ